**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1532** **05/02/2019- ൽ മറുപടിയ്ക്ക്**

**നിരോധിത കീടനാശിനികളുടെ വില്പന**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ വില്പനയും ഉപയോഗവും സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) നിരോധിത കീടനാശിനികളുടെ വില്പനയും ഉപയോഗവും പൂർണ്ണമായും ഒഴിവാക്കുവാൻ ഇൻസെക്ടിസൈഡ് ആക്ട്, 1968 പ്രകാരമുള്ള ശക്തമായ നടപടികളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് കൈക്കൊണ്ടുവരുന്നത്.<br>കീടനാശിനി ഡിപ്പോകളിൽ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരുടെ രണ്ടാഴ്ചയിലൊരിക്കലുള്ള നിർബന്ധിത പരിശോധന, ജില്ലാതല വിജിലൻസ് കമ്മിറ്റിയുടെയും റീജിയണൽ സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിന്റെയും സ്റ്റേറ്റ് വിജിലൻസ് സ്ക്വാഡിന്റെയും പരിശോധന തുടങ്ങിയ കർശന നടപടികൾ വഴി അംഗീകൃത കീടനാശിനി ഡിപ്പോകളിലൂടെയുള്ള നിരോധിത കീടനാശിനികളുടെ വില്പന ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കർഷകർക്കും കർഷക സമിതികൾക്കും, കീടനാശിനി കമ്പനികളും വിതരണക്കാരും നേരിട്ട് കീടനാശിനി വിതരണം ചെയ്യുന്നത് തടയുന്നതിനും നിരോധിത കീടനാശിനികളുടെ ലഭ്യത പൂർണ്ണമായും ഒഴിവാക്കുവാനും സഹായകമായിട്ടുണ്ട്.<br>എന്നാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും അനധികൃതമായി കീടനാശിനികൾ കർഷകർക്ക് നേരിട്ട് എത്തിക്കുന്നത് പൂർണ്ണമായി തടയുവാൻ സാധിച്ചിട്ടില്ല. ഇതിനായി അതിർത്തി ജില്ലകളിൽ പ്രത്യേക ജാഗ്രത പുലർത്തുവാൻ ജില്ലാ വിജിലൻസ് കമ്മിറ്റിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനു പുറമേ, ജില്ലാഭരണകൂടത്തിന്റെ |

സഹായത്തോടെ, പോലീസ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി സ്ക്വാഡ്, ചെക്ക് പോസ്റ്റുകളിലും മറ്റും പരിശോധന നടത്തിവരുന്നു. നിരോധിത കീടനാശിനികളുടെ അനധികൃത വില്പന തടയുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൃഷിഭവൻ തലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. വില്പനയ്ക്കും വിതരണത്തിനുമായി നിരോധിത കീടനാശിനികൾ കടത്തിക്കൊണ്ടു വരികയോ സ്റ്റോക്കുചെയ്യുകയോ ചെയ്യുന്നവർക്കെതിരെ ഇൻസെക്ടിസൈഡ് ആക്ട് 1968 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനോടൊപ്പം, നിരോധിത കീടനാശിനികൾ ഉപയോഗിക്കുന്ന പക്ഷം, കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുമെന്ന് കാട്ടി കർഷകർക്ക് നോട്ടീസ് നല്കുന്നതിനുള്ള നടപടികളും തുടങ്ങിയിട്ടുണ്ട്.

ചട്ടപ്രകാരമുള്ള നടപടികൾക്കൊപ്പം, നിരോധിത കീടനാശിനികൾക്കെതിരെ പൊതു അവബോധം വളർത്തിയെടുക്കുവാനായി ദൃശ്യ - ശ്രവ്യ പത്ര മാധ്യമങ്ങളുടെ തുടർച്ചയായി പ്രചാര പ്രവർത്തനങ്ങളും നടത്തിവരുന്നു.

സംസ്ഥാനത്ത് നിരോധിത കീടനാശിനികളുടെ ഉപയോഗം ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുന്നതിന് മേൽ നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

Smulathin

**സെക്ഷൻ ഓഫീസർ**